# INSTRUCTIONS

## ജില്ലാ മെരിറ്റ് സ്കോളർഷിപ്പ് 2013–14

2013 മാർച്ചിൽ എസ്സ്.എസ്.എൽ.സി. സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ പ്ലസ്  ഗ്രേഡുനേടി വിജയിച്ച് എച്ച്.എസ്.സി./പ്ലസ് ടു/ഐ.ടി.ഐ/വി.എച്ച്.സി. /പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ലാ മെരിറ്റ് സ്കോളർഷിപ്പിന് ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ District Merit Scholarshi[ (DMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 17-10-2013 മുതൽ ഓൺലൈനായി അപേക്ഷിക്കുക.

### (1) അപേക്ഷിക്കേണ്ടതിനുള്ള യോഗ്യതകൾ:

എ)അപേക്ഷകർ 2013 മാർച്ചിൽ എസ്.എസ്.എൽ.സി. ,റ്റി.എച്ച്.എസ്.എൽ.സി., സംസ്ഥാനസിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയവരായിരിക്കണം.

ബി)അപേക്ഷകർ 2013-14 അദ്ധ്യയന വർഷത്തിൽ വി.എച്ച്.എസ്.സി/ എച്ച്.എസ്.സി.+2/ഐ.ടി.ഐ./ പോളിടെക്നിക് കോഴ്സുകളിലേക്ക് തുടർന്നു പഠിക്കുന്നവരായിരിക്കണം.

### (2) സ്കോളർഷിപ്പ് തുക

എ) പ്രതിവർഷം ആയിരത്തി ഇരുന്നൂറ്റി അമ്പത് (1250)

ബി) തുടർവിദ്യാഭ്യാസത്തിൽ 50% മാർക്ക് വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്ന 7 വർഷം വരെ സ്കോളർഷിപ്പ് പുതുക്കാവുന്നതാണ്.

### 3) ബന്ധപ്പെട്ട മറ്റു വിവരങ്ങൾ :

എ) അപേക്ഷകർക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (എസ്.ബി.റ്റി.) , സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (എസ്.ബി.ഐ) , സൗത്ത് ഇൻഡ്യൻ ബാങ്ക്/ഫെഡറൽ ബാങ്ക് എന്നിവയിൽ ഏതെങ്കിലും ഒരു ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. / രക്ഷാകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.

ബി) ബാങ്ക് അക്കൗണ്ട് ആധാർനമ്പരുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭ്യമായിട്ടില്ലെങ്കിൽ ഇ.ഐ.ഡി.നമ്പർ നമ്പർ നൽകിയാലും മതിയാകും.

സി) എസ്.സ്സി., എസ്.റ്റി. വിഭാഗത്തിൽപ്പെടുന്നവർക്ക് ലഭിക്കുന്ന വിദ്യാഭ്യാസആനുകൂല്യങ്ങളും എ.സി.ഇ.ആർ.റ്റി. നൽകുന്ന സ്കോളർഷിപ്പും ഒറ്റ പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പും ഒഴികെ മറ്റേതെങ്കിലും സ്കോളർഷിപ്പോ ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹരല്ല.

**<u>4) അപേക്ഷിക്കേണ്ട രീതി :</u>**

(എ) അപേക്ഷകൾ ഓൺലൈനായി 17-10-2013 മുതൽ സമർപ്പിക്കാവുന്നതാണ്. ഇതിനായി

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ District Merit Scholarship (DMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) സെലക്ഷനിൽ പേരുണ്ടോ എന്ന് നോക്കി ഉണ്ടെങ്കിൽ

3) Apply online- ൽക്ലിക്ക് ചെയ്യുക

4) മറ്റു സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

5) അല്ലെങ്കിൽ New registration-ൽ ക്ലിക്ക് ചെയ്ത് submit ചെയ്യുക.

6) സ്കോളർഷിപ്പ് പേജിൽ DMS എന്ന Tab-ൽ ക്ലിക്ക് ചെയ്യുക.

7) എസ്.എസ്.എൽ.സി. പഠിച്ച സ്കൂളിന്റെ ഡിസ്ട്രിക്, സ്കൂൾ, പേര് എന്നിവ സെലക്ട് ചെയ്ത ശേഷം സ്വന്തം പേര് സെലക്ട് ചെയ്യുക.

8) Submit ചെയ്യുക.

9) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും submit ക്ലിക്ക് ചെയ്യുക.

(ബി)Online-ലൂടെ അപേക്ഷ നൽകിയതിനുശേഷംView / Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൌട്ട് എടുത്തിരിക്കണം.

(സി). രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റൗട്ട് ഭാഗം 5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

(ഡി). വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും , രജിസ്ട്രേഷൻ പ്രിന്റൗട്ടും ഓൺലൈൻ വഴി സ്ഥാപന മേധാവിയോ (പ്രിൻസിപ്പാളോ/ യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. **(വെരിഫിക്കേഷൻ )**

(ഇ). സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി പ്രിൻസിപ്പാളോ / യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ ) ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. **(അപ്രൂവ്ഡ്)**

(എഫ്) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ:

(1) ഗവൺമെന്റ് / എയ്ഡഡ് സ്ഥാപനങ്ങൾ അതാതു സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(2) അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ അപേക്ഷകൾ "സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയം, കോളേജ് വിദ്യാഭ്യാസ വകുപ്പ് , ആറാം നില, വികാസ് ഭവൻ, തിരുവനന്തപുരം- 33" എന്ന വിലാസത്തിൽ അവസാന തീയതിക്കു മുമ്പായി എത്തിക്കണം.

## 5) സ്ഥാപന മേധാവിയ്ക്ക് സമർപ്പിക്കേണ്ട രേഖകൾ:

എ). അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിന്റൗട്ട്

ബി). റ്റി.എച്ച്.എസ്.എൽ.സി/എസ്.എസ്.എൽ.സി. മാർക്ക് ലിസ്റ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

സി). നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

ഡി) . അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (പേര് , അക്കൗണ്ട് നമ്പർ , ബ്രാഞ്ച് കോഡ് , ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം.)

ഇ) ആധാർകാർഡിന്റെ കോപ്പി.

**6) അവസാന തീയതികൾ :**

1. ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: **29-11-2013**

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട തീയതി:**10-12-2013**

3. സ്ഥാപന മേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി

അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള അവസാന തീയതി: **20-12-2013**

4. അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പ്രിന്റും മറ്റു അനുബന്ധ രേഖകളും സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട അവസാനതീയതി. : **26 -12- 2013**.